പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *390 24/8/2017 ൽ മറുപടിക്ക്

## മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

ചോദ്യം

**ശ്രീമതി ഇ.എസ്.ബിജിമോൾ**
**ശ്രീ.ജി.എസ്.ജയലാൽ**
**ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ**
**ശ്രീ.എൽദോ എബ്രഹാം:**

മറുപടി

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; | എ) | മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ താഴെ പറയുന്നു.<br>1. മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും<br>2. ഗോസമൃദ്ധി കന്നുകാലി ഇൻഷ്വറൻസ് പദ്ധതി<br>3. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലെക്സ്<br>4. വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാസേവനം<br>5. രാഷ്ട്രീയപശുധൻ വികാസ് യോജന<br>6. ഊർജ്ജിത കന്നുകാലിവികസനം - ബീജസങ്കലന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ<br>7. വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ സംരക്ഷണവും ശക്തിപ്പെടുത്തലും<br>8. പ്രത്യേക കന്നുകാലി വികസനപദ്ധതി<br>9. ഗോവർദ്ധിനി<br>10. ബാക്ക് യാർഡ് പൗൾട്രി ഡവലപ്പ്മെന്റ് പ്രോജക്റ്റ്<br>11. വികസനവും പരിശീലനവും<br>12. മൃഗസംരക്ഷണ സ്ഥിതിവിവരണ കണക്കും, സാമ്പിൾ സർവ്വേയും ( 50% കേന്ദ്രസഹായം)<br>13. കന്നുകാലി സെൻസസ് (100% കേന്ദ്രസഹായം)<br>14. വിവരസാങ്കേതികവിദ്യ മെച്ചപ്പെടുത്തലും ആധുനികവത്കരണവും<br>15. കേരള സംസ്ഥാന പൗൾട്രി ഡവലപ്പ്മെന്റ് കോർപ്പറേഷന് സാമ്പത്തികസഹായം<br>16. കേരള ഫീഡ്സിന് സാമ്പത്തികസഹായം<br>17. കെ.എൽ.ഡി ബോർഡിന് സാമ്പത്തികസഹായം<br>18. മീറ്റ് പ്രൊഡക്റ്റ്സ് ഓഫ് ഇന്ത്യക്ക് സാമ്പത്തികസഹായം. |

| | | | |
|---|---|---|---|
| ബി) | സ്കൂൾ വിദ്യാർത്ഥികൾക്ക് കോഴിക്കുഞ്ഞുങ്ങളെ നൽകുന്ന സ്കൂൾ പൗൾട്രി ക്ലബ്ബ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) | കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി പ്രകാരം സംസ്ഥാനത്ത് മൊത്തം 905 സർക്കാർ/സർക്കാർ എയ്ഡഡ് അപ്പർ പ്രൈമറി സ്കൂൾ/ ഹൈസ്കൂൾ ക്ലാസ്സുകളിലെ 50 വീതം വിദ്യാർത്ഥികൾക്ക് 46-60 ദിവസം പ്രായമായ 5 മുട്ടക്കോഴി കുഞ്ഞുങ്ങളെ വീതവും തീറ്റ എന്നിവയും നൽകുന്നു.<br>46-60 ദിവസം പ്രായമായ 5 കോഴികുഞ്ഞുങ്ങളുടെ വില<br>@ രൂപ 115 (വാറ്റ് ഉൾപ്പെടെ)x 5 = 575/-<br>തീറ്റയുടെ വില = 100/-<br>മരുന്ന്, ട്രാൻസ്പോർട്ടേഷൻ സ്റ്റേഷനറി തുടങ്ങിയവ = 50/-<br>കൂടിന്റെ വില = 1200/-<br>ആകെ = 1925/-<br>ഇതിൽ കോഴിയുടെ വില, തീറ്റ, മരുന്ന്, വാറ്റ്, ട്രാൻസ്പോർട്ടേഷൻ സ്റ്റേഷനറി തുടങ്ങിയ ചെലവിലേയ്ക്കായി 725/- രൂപ സർക്കാർ ധനസഹായമായും കൂടിന്റെ വില ഗുണഭോക്തൃവിഹിതമായും വഹിക്കേണ്ടതാണ്. 905 സ്കൂളുകളിൽ 50 വിദ്യാർത്ഥികൾ വീതം ആകെ 45250 വിദ്യാർത്ഥികൾക്ക് @ 725/- രൂപ സഹായമായി നൽകുന്നു.<br>45250 വിദ്യാർത്ഥികൾക്ക് 328.0625 ലക്ഷം [illegible] വകയിരുത്തിയിട്ടുണ്ട്. |
| സി) | കോർപ്പറേഷൻ, മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ നടപ്പാക്കുന്ന "കൂട്ടുകളിൽ കോഴിവളർത്തൽ പദ്ധതി" യുടെ വിവരങ്ങൾ അറിയിക്കുമോ; | സി) | കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ 'കെപ്കോ- നഗരപ്രിയ' എന്നപേരിൽ കൂടുകളിൽ കോഴികളെ വളർത്തുന്ന പദ്ധതി സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പാക്കുന്നുണ്ട്. വീട്ടുമുറ്റത്ത് കോഴികളെ വളർത്താൻ സ്ഥല പരിമിതിയുള്ള നഗരപ്രദേശങ്ങളിൽ കൂടുകളിൽ കോഴികളെ വളർത്തുന്ന പദ്ധതി ആണ് കെപ്കോ- നഗരപ്രിയ'. ഈ പദ്ധതി പ്രകാരം, മുട്ടയിടാൻ പാകമായ അഞ്ചു കോഴികളെയും കൂടും കർഷകർക്ക് നല്കുന്നു. കൂടുനിർമ്മാണം, മരുന്ന്, തീറ്റ ഇവ ഉൾപ്പെടെ 10000 രൂപയാണ് യൂണിറ്റിന്റെ വില. ഇതിൽ 50% സബ്സിഡിയായി നല്കുന്നു. 500 ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. |
| ഡി) | മൃഗസംരക്ഷണ വകുപ്പ് മുഖേന ആട്, താറാവ് എന്നിവയെ വളർത്തുന്നതിനായി നൽകുന്ന പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഡി) | മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ മൂന്ന് ആട് ഫാമുകളും രണ്ട് ആട് വളർത്തൽ യൂണിറ്റുകളും ഉണ്ട്.<br>**ആട്ടു ഫാമുകൾ**<br>1. ഗോട്ട് ഫാം പാറശ്ശാല<br>2. ഗോട്ട് ഫാം, അട്ടപ്പാടി<br>3. ഗോട്ട് ഫാം, കൊമേരി<br>**ആട്ടുവളർത്തൽ യൂണിറ്റ്**<br>1. ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം, കുടപ്പനക്കുന്ന് |

| | | | |
|---|---|---|---|
| | | | 2. ഹൈടെക് ഡയറി ഫാം, കരിയോട്ടുമല<br>ആട്ടുകളിൽ കൃത്രിമ ബീജസങ്കലനത്തിനുള്ള സൗകര്യം മൃഗാശുപത്രികളിൽ ലഭ്യമാണ്. ആട്ടുവളർത്തലിന് സബ്സിഡി സഹായം മൃഗസംരക്ഷണ വകുപ്പ് വഴി നൽകുന്നുണ്ട്. അഞ്ചു പെണ്ണാട്ടും ഒരു ആണാട്ടും ഉൾപ്പെടുന്ന ഒരു യൂണിറ്റ് സ്ഥാപിക്കാൻ കർഷകന് 25,000/- രൂപ സബ്സിഡി സഹായം (50%) നൽകുന്നുണ്ട്.<br>50 മുതൽ 60 ദിവസം പ്രായമായ 10 താറാവുകുഞ്ഞുങ്ങളെ സംസ്ഥാനത്തെ 4000 കർഷകർക്ക് നല്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. താറാവൊന്നിന് 120 രൂപ വീതം 10 താറാവുകൾക്ക് 1200/- രൂപയും തീറ്റ, മരുന്ന് എന്നിവയ്ക്ക് 1500/- രൂപയും ഉൾപ്പെടെ 2700/- രൂപയാണ് ഒരു യൂണിറ്റിന്റെ വില. ഇതിനായി 1.08.00.000/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ